# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/257/2016 | പത്രക്കുറിപ്പ് | 2016 ഡിസംബർ 02

എം.ബി.എ പ്രവേശനപ്പരീക്ഷ
എം.ജി സർവ്വകലാശാലയുടെ എം.ബി.എ യോഗ്യതാ പ്രവേശനപ്പരീക്ഷ 2017-18 അക്കാദമിക വർഷം മുതൽ കെ.മാറ്റ്, കാറ്റ്, സി.മാറ്റ് അടിസ്ഥാനത്തിലായിരിക്കും.

എം.ബി.എ റാങ്ക് ലിസ്റ്റ്
2013 സെപ്തംബർ മാസം നടത്തിയ എം.ബി.എ ഡിഗ്രി പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ചങ്ങനാശ്ശേരി എസ്.ബി കോളജിലെ ഷെറി റിത്ത ആന്റണ (2944), കുട്ടിക്കാനം മരിയൻ ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ നീനു റാണി ജോസഫ് (2937), കാലടി ആദി ശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ രേണു കെ (2924) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

പ്രാക്ടിക്കൽ പരീക്ഷ
മൂന്നാം സെമസ്റ്റർ ബി.എസ്.സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.റ്റി (സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ - റഗുലർ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 6 മുതൽ അതത് കോളജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും

പരീക്ഷാ ഫലം
2016 ഏപ്രിൽ മാസം നടത്തിയ ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ എം.എ ഇംഗ്ലീഷ് (ഓഫ് കാമ്പസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 16 വരെ സ്വീകരിക്കും.

അറബിക്: ഗസ്റ്റ് ലക്ചറർ ഒഴിവ്
സർവ്വകലാശാലയുടെ കീഴിലുള്ള ഈരാറ്റുപേട്ട ബി.എഡ് സെന്ററിൽ അറബിക് വിഭാഗത്തിൽ പാർട്ട് ടൈം ഗസ്റ്റ് ലക്ചററുടെ (അഡ്ഹോക് ബേസിസ്) ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഡിസംബർ 14ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളജ് ഓഫീസിൽ എത്തിച്ചേരണം. ഫോൺ 04822-275781.

ദ്വിദിന സോഫ്റ്റ് വെയർ മീറ്റ് ആരംഭിച്ചു
സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിന്റെയും കംപ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ആന്വൽ സോഫ്റ്റ് വെയർ മീറ്റ് ''ഇന്റർഫെയ്സ് 2016''-ന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ഡയറക്ടർ ഡോ. ബിന്ദു വി. ആർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്ഥാപക ഡയറക്ടർ ഡോ. കെ. എൻ. രാമചന്ദ്രൻ നായർ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. ഡോ. ആർ. വിജയകുമാർ ടെക്നിക്കൽ പ്രസിദ്ധീകരണമായ ഐ.ടി.ഗ്ലിംപ്സ് 2016ന്റെ പ്രകാശനവും, ഡോ. അജിത ആർ. എസ് റിമോട്ട്നസ് ഫംഗ്ഷൻ ഓൺ മീഡിയൻ ഗ്രാഫ്സ് എന്ന വിഷയത്തിൽ പ്രഭാഷണവും നടത്തി. ചടങ്ങിൽ കൃഷ്ണപ്രസന്നകുമാർ, എൽസ ഐ. വി എന്നിവർ സംസാരിച്ചു.

അടിക്കുറിപ്പ്
എം.ജി സർവ്വകലശാല സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിന്റെയും കംപ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ആന്വൽ സോഫ്റ്റ് വെയർ മീറ്റ് ''ഇന്റർഫെയ്സ് 2016''-ന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)